K-bip

Kerala Bureau of Industrial Promotion
( An autonomous body of Government of Kerala )
'Sri Ganesh', TC IX/2197, Kurup's Lane, Sasthamangalam P.O.,
Thiruvananthapuram - 695 010, Kerala
Tel : 91-471-2311882, Fax : 91-471-2311883
E-mail : kbip@keralaindustry.org bureau@vsnl.com
Website : www.keralaindustry.org

പത്രക്കുറിപ്പ് 01.02.2016

# ത്രിദിന കേരള ബിടുബി മീറ്റ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

കൊച്ചി: ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കായി സംസ്ഥാന വ്യവസായ, വാണിജ്യ വകുപ്പ് സംഘടിപ്പിക്കുന്ന ബിസിനസ്-ടു-ബിസിനസ് (ബിടുബി) മീറ്റ്-2016 ഫെബ്രുവരി നാലാം തീയതി രാവിലെ 9 30 ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യും. നെടുമ്പാശേരി സിയാൽ ട്രേഡ്ഫെയർ ആൻഡ് എക്സിബിഷൻ സെന്ററിൽ ഫെബ്രുവരി നാലു മുതൽ ആറു വരെയാണ് പരിപാടി.

സംസ്ഥാനത്തെ ഇരുനൂറിൽപരം ചെറുകിട, ഇടത്തരം സംരംഭങ്ങളും 18 സംസ്ഥാനങ്ങളിൽ നിന്നും 31 രാജ്യങ്ങളിൽ നിന്നുമായി 490 ക്രേതാക്കളും (ബയർ) മേളയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിലെ വിവിധ വ്യവസായമേഖലകളിലുടനീളമുള്ള ചെറുകിട, ഇടത്തരംസംരംഭകർക്ക് രാജ്യാന്തര ബിസിനസ്സ്ഥാപനങ്ങൾക്കു മുന്നിൽ തങ്ങളുടെ ഉല്പന്നങ്ങൾ അണിനിരത്തി ആഗോളവിപണി കണ്ടെത്താനുള്ള വേദിയായി ഇത് മാറുമെന്ന് വ്യവസായ വകുപ്പ് ഡയറക്ടർ ശ്രീ പി.എം ഫ്രാൻസിസ് അറിയിച്ചു.

പ്രധാനമായും ഏഴുമേഖലകളെയാണ് മീറ്റിലേക്ക് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. കഴിഞ്ഞ കുറെവർഷങ്ങളായി സ്ഥിരവളർച്ചയുടെ പാതയിൽ മുന്നേറുന്ന ചെറുകിട, ഇടത്തരംസംരംഭങ്ങൾക്ക് ഇത് മികച്ച അവസരമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ബിടുബി മീറ്റിൽ ഏറ്റവുംകൂടുതൽ പ്രാതിനിധ്യമുള്ളത് ഭക്ഷ്യസംസ്കരണവ്യവസായത്തിൽനിന്നാണ്. 80 പ്രദർശകരാണ് ഈ വിഭാഗത്തിലുള്ളത്. കൈത്തറി-ടെക്സ്റ്റൈൽസ്-ഗാർമെന്റ്സ്, റബർ, തടി അധിഷ്ഠിതവ്യവസായങ്ങൾ, ആയുർവേദ-ഔഷധച്ചെടി മേഖല-സൗന്ദര്യവർദ്ധക വസ്തുക്കൾ, ഇലക്ട്രിക്കൽ-ഇലക്ട്രോണിക്സ് എൻജിനിയറിംഗ്എന്നിവയ്ക്കു പുറമെ പരമ്പരാഗതവ്യവസായങ്ങളുടെ പ്രതിനിധികളുംമേളയിൽ പങ്കെടുക്കും.

സംസ്ഥാനത്തു നിന്നുള്ള 200 വിൽപ്പനക്കാർക്ക് (സെല്ലേഴ്സ്) മാത്രമായി ബി ടു ബി മീറ്റ് നിജപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ തവണ പങ്കെടുക്കാത്ത സംരംഭകരെയാണ് ഇക്കുറി പങ്കെടുപ്പിച്ചിട്ടുള്ളതെന്ന് കേരള ബ്യൂറോഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻസിഇ ഒ കെ രാജഗോപാൽ പറഞ്ഞു.ഇക്കുറി ഏഴായിരത്തോളം വാണിജ്യ കൂടിക്കാഴ്ചൾ ഇക്കുറി പ്രതീക്ഷിക്കുന്നുണ്ടെന്നും ശ്രീ രാജഗോപാൽ അറിയിച്ചു.

K-bip

**Kerala Bureau of Industrial Promotion**
( An autonomous body of Government of Kerala )
'Sri Ganesh', TC IX/2197, Kurup's Lane, Sasthamangalam P.O.,
Thiruvananthapuram - 695 010, Kerala
Tel : 91-471-2311882, Fax : 91-471-2311883
E-mail : kbip@keralaindustry.org bureau@vsnl.com
Website : www.keralaindustry.org

ബയേഴ്സും സെല്ലേഴ്സുമായുള്ള കൂടിക്കാഴ്ച മുഴുവൻ ഏകോപിപ്പിക്കുന്നത് ഫിക്കിയാണ്. വിദേശ ബയേഴസിനെ കേരളത്തിലേക്കെത്തിക്കുന്നതിന്റെചുമതലയും അവർക്കായിരുന്നു. സംസ്ഥാനത്തെ സംരംഭകർക്ക് ഏറ്റവും മികച്ച കരാർ ലഭിക്കുംവിധമാണ്കൂടിക്കാഴ്ച ക്രമീകരിച്ചിട്ടുള്ളതെന്ന് ഫിക്കി കേരള വിഭാഗം തലവൻസാവിയോമാത്യു പറഞ്ഞു.

രാജ്യത്തെ വിവിധ ചില്ലറ മൊത്ത വ്യാപാര ശൃംഘലകളുടെ ഉടമകളെ ഉദ്ദേശിച്ച് ചക്ക ഫെസ്റ്റിവലും ഇതോടനുബന്ധിച്ച് സംഘടിപ്പിക്കുന്നുണ്ട്.

വ്യവസായ, വാണിജ്യഡയറക്ടറേറ്റ്, ഹാൻഡ്ലൂം-ടെക്സ്റ്റൈൽസ്ഡയറക്ടറേറ്റ്, കെഎസ്ഐ ഡി സി, കിൻഫ്ര, ഫിക്കി(ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി)എന്നിവയുമായി ചേർന്ന് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്) ആണ മേള സംഘടിപ്പിക്കുന്നത്.